**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 860** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>നദികളിലേയും ഡാമുകളിലേയും മണലും എക്കലും നീക്കം ചെയ്യാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** നദികളിലേയും തോടുകളിലേയും മണലും എക്കലും നീക്കം ചെയ്യാതായിട്ട് ഏകദേശം 35 വർഷങ്ങൾ കഴിഞ്ഞിരിക്കുകയാണെന്നും തന്മൂലം ഒന്നോ രണ്ടോ മഴയിൽ തന്നെ നാടും നഗരവും വെള്ളപ്പൊക്കത്തിലാകുന്നുവെന്നുമുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കാലാകാലങ്ങളിൽ സംസ്ഥാനത്തെ നദികളിലും തോടുകളിലും വെള്ളപ്പൊക്കത്തിന്റെയും, ഉരുൾപൊട്ടലിന്റെയും, മണ്ണിടിച്ചിലിന്റെയും, മണ്ണൊലിപ്പിന്റെയും ഭാഗമായി എക്കൽ, ചെളി, മണ്ണ്, പാറകഷ്ണങ്ങൾ, മരങ്ങൾ, മറ്റ് പാഴ് വസ്തുക്കൾ എന്നിവ അടിഞ്ഞുകൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തന്മൂലം നാടും നഗരവും വെള്ളപ്പൊക്കത്തിലാകുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും നദികളുടെയും മറ്റ് തോടുകളുടെയും നീരൊഴുക്ക് സുഗമമാക്കുന്നതിനും അവയുടെ ആഴം പൂർവ്വസ്ഥിതിയിലാക്കുന്നതിനുമായി Pre-monsoon cleaning, Desiltation തുടങ്ങിയ പ്രവൃത്തികൾ Pre-monsoon, Plan, Non-plan, Flood damage, Annual Maintenance തുടങ്ങിയ ശീർഷകങ്ങളിൽ ഫണ്ടിന്റെ ലഭ്യത, പ്രവൃത്തിയുടെ ആവശ്യകത എന്നിവയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

**(ബി)** നദികളിലേയും ഡാമുകളിലേയും മണൽ നീക്കം ചെയ്യുന്നതിന് അടിയന്തര പ്രാധാന്യത്തോട് കൂടി നടപടികൾ സ്വീകരിക്കുമോ; എങ്കിൽ, ഏതൊക്കെ പ്രദേശങ്ങളിലെ മണൽ ആണ് ആദ്യം നീക്കം ചെയ്യേണ്ടത് എന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ജലസേചന വകുപ്പിന്റെ കീഴിൽ തൃശ്ശൂർ പീച്ചിയിലുള്ള Kerala Engineering Research Institute (KERI) 15 ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലിന്റെ അളവ് 2011 – 2021 കാലയളവിൽ പഠന വിധേയമാക്കിയിരുന്നു. ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനുവേണ്ടി തയ്യാറാക്കി, അംഗീകരിച്ച പ്രവർത്തന മാർഗ്ഗരേഖ (SOP) പ്രകാരം മംഗലം, ചുള്ളിയാർ, വാളയാർ, മീങ്കര എന്നീ ഡാമുകളിൽ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടന്നു വരുന്നു. ഇതിൽ ചുള്ളിയാർ ഡാമിൽ DPR പ്രകാരമുള്ള അളവ് (Agreement Quantity) പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മലങ്കര ഡാമിൽ ഡീസിൽറ്റേഷൻ പ്രവൃത്തിയുടെ Bid അംഗീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. 2018-2019-ൽ സംസ്ഥാനത്തെ നദികളിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ എക്കലും മണ്ണും മറ്റ് പാഴ് വസ്തുക്കളും നീക്കം ചെയ്യുന്നതിന്റെ ഭാഗമായി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻമാരുടെ (ജില്ലാ കളക്ടർ) സഹകരണത്തോടു കൂടിയും, ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെയും, ജനകീയ പങ്കാളിത്തതോടുകൂടിയും ജലസേചന വകുപ്പിന്റെ

നേതൃത്വത്തിൽ 43 നദികളിൽ (കല്ലായി ഒഴികെ) ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കി. ആകെ 3,01,65,570 m3 എക്കലും ചെളിയും മറ്റ് പാഴ്വസ്തുക്കളും നീക്കം ചെയ്യാൻ കണക്കാക്കിയതിൽ 98,35,939 m3 നീക്കം ചെയ്തു. നദികളുടെയും മറ്റ് തോടുകളുടെയും നീരൊഴുക്ക് സുഗമമാക്കുന്നതിനും അവയുടെ ആഴം പൂർവ്വസ്ഥിതിയിലാക്കുന്നതിനുമായി Pre-monsoon cleaning, Desiltation തുടങ്ങിയ പ്രവൃത്തികൾ Pre-monsoon, Plan, Non-plan, Flood damage, Annual Maintenance തുടങ്ങിയ ശീർഷകങ്ങളിൽ ഫണ്ടിന്റെ ലഭ്യത, പ്രവൃത്തിയുടെ ആവശ്യകത എന്നിവയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

**സെക്ഷൻ ഓഫീസർ**